ഉത്തരം

(എ) 317 കിലോമീറ്റർ.

(ബി) -(ഡി) സുനാമി ദുരന്തത്തിൽ കണ്ടൽകാടുകളുള്ള പ്രദേശങ്ങളിൽ കടലാക്രമണത്തെ ഒരു പരിധിവരെ പ്രതിരോധിക്കാൻ കണ്ടൽ കാടുകൾ ഉപകരിച്ചതായി മാധ്യമങ്ങളും വിദഗ്ദ്ധരും അഭിപ്രായപ്പെടുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിന്റെ കീഴിലുള്ള സോഷ്യൽ ഫോറസ്ട്രി വിഭാഗം 55 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് സമർപ്പിച്ചിട്ടുണ്ട്. ജലസേചന വകുപ്പ് ഇതു സംബന്ധിച്ച് ശാസ്ത്രീയ പഠനമൊന്നും നടത്തിയിട്ടില്ല.

തിരുവനന്തപുരം നഗരത്തിലെ ശുദ്ധജലവിതരണം

65 [1783] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ 2005 ജനുവരി 1-ന് ശേഷം എത്ര തവണ ജലവിതരണത്തിന് തടസ്സം നേരിടുകയോ ഭാഗികമായി വിതരണം നിർത്തിവയ്ക്കുകയോ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) ഇക്കഴിഞ്ഞ രണ്ടുമാസ കാലയളവിനുള്ളിൽ തലസ്ഥാനനഗരിയിൽ എത്ര സ്ഥലത്ത് പൈപ്പ് പൊട്ടലും ചോർച്ചയും ഉണ്ടായി എന്നറിയിക്കാമോ ;

(സി) ഇവ യഥാക്രമം എത്ര മണിക്കൂറികൾക്കുള്ളിൽ പൂർവ്വസ്ഥിതിയിലാക്കിയെന്ന് അറിയിക്കുമോ ;

(ഡി) ഒരേ പ്രദേശത്ത് തന്നെ ഒന്നിലധികം തവണ പൈപ്പ് പൊട്ടൽ/ചോർച്ച റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഇ) നഗരത്തിലെ ഉയർന്ന പ്രദേശങ്ങളിൽ പീക്ക് അവറുകളിൽ ജലവിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) നഗരത്തിലെ വിവിധ ടാങ്കുകളിലും സംഭരണികളിലുമായി പ്രതിദിനം ശേഖരിക്കാൻ കഴിയുന്ന ജലത്തിന്റെ അളവ് എത്രയെന്ന് അറിയിക്കുമോ ;

(ജി) ശുദ്ധജലം വിവിധ പ്രദേശങ്ങളിലേക്ക് കാര്യക്ഷമമായി വിതരണം ചെയ്യപ്പെടുന്നുവെന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന അറ്റകുറ്റപ്പണികൾ ഉടനടി ചെയ്യുന്നുവെന്നും ഉറപ്പാക്കാൻ ഉന്നതതല ഉദ്യോഗസ്ഥൻമാരെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തിക്കൊണ്ട് നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുമോ ;

(എച്ച്) തലസ്ഥാന മേഖലയിലെ ശുദ്ധജലവിതരണം പരാതികളൊഴിവാക്കി കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാല് തവണ.

(ബി) വലതും ചെറുതുമായ പൈപ്പുകളിൽ ഗാർഹിക കണക്ഷനുകളിലെ ലീക്കുൾപ്പെടെ 800-ഓളം സ്ഥലത്ത് പൈപ്പ് പൊട്ടൽ/ചോർച്ച ഉണ്ടായിട്ടുണ്ട്.

(സി) 300 മി. മീറ്ററിൽ കൂടുതൽ വ്യാസമുള്ള പൈപ്പുകളുടെ ലീക്കുകൾ 24 മണിക്കൂറിനകവും ബാക്കിയുള്ളവ 12 മണിക്കൂറിനകവും എയർ വാൽവുകളിലെ ലീക്കുകൾ 6 മണിക്കൂറിനകവും പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ട്.

(ഡി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) പ്രതിദിനം 1641 ലക്ഷം ലിറ്റർ ശുദ്ധജലം ശേഖരിക്കാൻ ശേഷിയുണ്ട്.

(ജി) ഉന്നതതല നിരീക്ഷണ സംവിധാനമായി ഒരു "ക്രൈസിസ് മാനേജ്മെന്റ്" സംവിധാനം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ സർവെയിലൻസ് വിഭാഗം വഴി സൂക്ഷ്മ നിരീക്ഷണവും ഏർപ്പാടാക്കിയിട്ടുണ്ട്.

(എച്ച്) തിരുവനന്തപുരത്ത് വെള്ളയമ്പലത്തുള്ള വാട്ടർ വർക്സ് കാമ്പസിലെ എമർജൻസി യൂണിറ്റിലോ, പി. എച്ച്. ഡിവിഷനിലോ പരാതി അറിയിക്കുകയാണെങ്കിൽ ആ പരാതിയെപ്പറ്റി അന്വേഷിച്ച് ഉടൻതന്നെ പരിഹാരം കാണുന്നതിനുള്ള സംവിധാനം ഉണ്ട്. ഇതുകൂടാതെ തിരുവനന്തപുരം നഗരമേഖലയിലെ പൈപ്പു ലൈനുകളുടെ ചോർച്ചയും തടസ്സവും പരിഹരിക്കുന്നതിനുവേണ്ടി നഗരമേഖലയെ 17 ഭാഗങ്ങളായി തരം തിരിച്ച് അതാത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ ഓരോ ഭാഗങ്ങളേയും ഓരോ കരാറുകാർക്കായി കാലതാമസം കൂടാതെ അറ്റകുറ്റപ്പണി നടത്താനായി കരാർ കൊടുത്തിട്ടുണ്ട്.

കണ്ടോത്ത് താഴെ സബ് കനാലിന്റെ അറ്റകുറ്റപ്പണി

66 [1784] ശ്രീ. കെ. പി മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിങ്ങളം നിയോജകമണ്ഡലത്തിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിലൂടെയുള്ള പഴശ്ശി ഇറിഗേഷൻ പദ്ധതിയുടെ സബ് കനാലായ കണ്ടോത്ത് താഴെ കനാൽ പൊട്ടിതകർന്നതുമൂലം വർഷങ്ങളായി മഴക്കാലത്ത് വെള്ളപ്പൊക്കംമൂലം കൃഷിനാശം സംഭവിക്കുന്നതും റോഡ് ഗതാഗതയോഗ്യമല്ലാതാവുകയും ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly